(ഡി) ജി.എസ്.ടി. കൗൺസിലിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് 2015-16-ലെ നികുതി പിരിവിൽ 14 ശതമാനം വർദ്ധനവ് കണക്കാക്കി സംസ്ഥാന സർക്കാരിന് നികുതി പിരിവിൽ കുറവുണ്ടാകുകയാണെങ്കിൽ ആദ്യത്തെ അഞ്ച് വർഷം പൂർണ്ണമായും നികത്താമെന്ന് കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്.

## വാണിജ്യ നികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ

106 (459) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോ; അവസാനമായി റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയതെന്നാണ്;

(ബി) റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടില്ലെങ്കിൽ എന്താണ് നടപ്പിലാക്കാത്തതിന് കാരണം; ഇതുമൂലം ഈ തസ്തികയിൽ ജോലി ചെയ്യുന്നവർക്കും വിരമിച്ചവർക്കും ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ ;എങ്കിൽ ആ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ വകുപ്പിൽ റേഷ്യോ പ്രൊമോഷൻ ബാധകമായ മറ്റേതെല്ലാം തസ്തികകളിലാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുള്ളത്; ഇത് യഥാസമയം അനുവദിച്ചിട്ടുണ്ടോ;

(ഡി) വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി ആയത് നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) ഇല്ല. അവസാനമായി ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയത് 2008-ലാണ്.

(ബി) ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോരിറ്റി സംബന്ധിച്ച് ധാരാളം തർക്കങ്ങൾ ഉള്ളതിനാലാണ് നടപ്പിലാക്കാൻ താമസം നേരിട്ടത്. ഓഫീസ് അറ്റൻഡന്റുമാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചതിനാൽ സാമ്പത്തികമായ നഷ്ടം സംഭവിച്ചിട്ടില്ലെന്നാണ് കരുതുന്നത്.

(സി) കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ, കൊമേഴ്സ്യൽ ടാക്സ് ഓഫീസർ, അസിസ്റ്റന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇത് യഥാസമയം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് വാണിജ്യ നികുതി കമ്മീഷണർക്ക് സർക്കാരിൽനിന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly